**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2805 — 17.10.2016 ൽ മറുപടിക്ക്

**നീണ്ടകര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ.എൻ. വിജയൻ പിള്ള | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര താലൂക്ക് ആശുപത്രിയിൽ വാങ്ങി സൂക്ഷിച്ചിരിക്കുന്ന 4 ഡയാലിസിസ് മെഷീനുകളിൽ ഒന്നുപോലും ഒരു വർഷം കഴിഞ്ഞിട്ടും പ്രവർത്തിപ്പിക്കാത്ത അനാസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നീണ്ടകര താലൂക്ക് ആശുപത്രി അധികൃതർ നിരന്തരം സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് പാവപ്പെട്ട രോഗികൾക്ക് കിട്ടേണ്ട ചികിത്സാ സൗകര്യം ഇല്ലാതാക്കുന്നത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നീണ്ടകര താലൂക്ക് ആശുപത്രിയിൽ KSFE യുടെ CSR fund ഉം ബഹു.എക്സ്.എം.എൽ.എ.ശ്രീ.ഷിബു ബേബി ജോണിന്റെ ഫണ്ടും ഉപയോഗിച്ച് 5 ഡയാലിസിസ് മെഷീനുകളും R.O.Plant ഉം സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമായ അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റാഫിന്റെയും അപര്യാപ്തത മൂലമാണ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കാൻ കഴിയാതിരുന്നത്. അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് പഞ്ചായത്ത് പ്രോജക്ട് തലത്തിൽ അപ്രൂവ് ചെയ്തിട്ടുണ്ട്. അത് എത്രയും പെട്ടെന്നുതന്നെ വാങ്ങുന്നതാണ്. ഒരു ഡോക്ടർക്കും സ്റ്റാഫ് നഴ്സിനും പരിശീലനം നൽകിയിട്ടുണ്ട്. ഉപകരണങ്ങൾ വാങ്ങിയാൽ ഉടൻ തന്നെ പ്ലാന്റ് പ്രവർത്തനക്ഷമമാകുന്നതാണ്. |
| (സി) | ഇത്തരത്തിൽ ബോധപൂർവ്വമായ തടസ്സവാദങ്ങൾ ഉന്നയിച്ച് ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | |

സെക്ഷൻ ഓഫീസർ